LIBRARY ARCHIVES Kerala Legislative Assembly

അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി

27 (1102) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ-എയിഡഡ് വിദ്യാലയങ്ങൾക്ക് എയിഡഡ് പദവി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് എയ്ഡഡ് പദവി നൽകിയതെന്നും ഈ വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മുൻകാല പ്രാബല്യത്തോടെ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഇതിലൂടെ ഒരു വർഷം സർക്കാരിന് എത്ര രൂപയുടെ ബദ്ധ്യതയുണ്ടാകുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ആർ.എം.എസ്.എ. പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകൾ

28 (1103) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർ.എം.എസ്.എ. പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ എത്ര ഹൈസ്കൂളുകൾ ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്, വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്കൂളുകളിൽ കേന്ദ്രസർക്കാർ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്, വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പദ്ധതിയിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിക്കാത്തതും ഡിവിഷനുകൾ കൂട്ടുന്നതനുസരിച്ച് അധിക തസ്തികകൾ അനുവദിക്കാത്തതുംമൂലം കുട്ടികളും രക്ഷിതാക്കളും കടുത്ത അനുഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) ഒന്നാം ഘട്ടത്തിൽ അനുവദിച്ച സ്കൂളുകളുടെ പ്രശ്നം പരിഹരിക്കാതെ രണ്ടാംഘട്ടത്തിൽ അനുവദിച്ച സ്കൂളുകളിൽ സംസ്ഥാന സർക്കാർ അധിക തസ്തിക അനുവദിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(എഫ്) എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് ഇറക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാംഘട്ടത്തിൽ (2009-10 ൽ) 60 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. (സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*)

(ബി) ഒന്നാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകൾക്ക്, 2015-16-ലെ വാർഷിക പദ്ധതിയിൽ ഒരു ഹെഡ്മാസ്റ്റർക്കും 5 ഹൈസ്കൂൾ അദ്ധ്യാപകർക്കുമുള്ള (1-സയൻസ്, 1-കണക്ക്, 1-സോഷ്യൽ സയൻസ്, 1-മലയാളം, 1-ഹിന്ദി) തസ്തികകൾ എം.എച്ച്.ആർ.ഡി. അംഗീകരിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എം.എച്ച്.ആർ.ഡി. അംഗീകരിച്ച തസ്തികകൾക്കുപരിയായി കുട്ടികൾ ക്കാനുപാതികമായി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു.

(ഇ) 29-9-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 309/2012/ പൊ.വി.വ. പ്രകാരം രണ്ടാം ഘട്ടത്തിൽ 36 സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ഈ സ്കൂളുകൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 6-12-2013-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 317/2013/ പൊ.വി.വ. പ്രകാരം ഈ സ്കൂളുകളിൽ സംസ്ഥാന സർക്കാർ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഹെഡ്മാസ്റ്റർ, 5 ഹൈസ്കൂൾ അദ്ധ്യാപകർ (2 ഭാഷാദ്ധ്യാപകർ, 3 വിഷയാദ്ധ്യാപകർ), 1 എഫ്.റ്റി.എം. രണ്ടാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ എം.എച്ച്.ആർ.ഡി. മാനദണ്ഡത്തിനുപരിയായി എഫ്.റ്റി.എം. തസ്തിക മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്.

(എഫ്) രണ്ടാം ഘട്ടത്തിൽ അപ്ഗ്രേഡ് ചെയ്ത സ്കൂളുകളിൽ എം.എച്ച്.ആർ.ഡി. മാനദണ്ഡമനുസരിച്ചുള്ള തസ്തിക അനുവദിക്കാത്തതുകാരണമാണ് അത്തരത്തിൽ ഉത്തരവിറക്കാൻ കാരണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly